# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 523      29.06.2015-ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. ബി. സത്യൻ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | മുൻ സർക്കാരിന്റെ ധനകാര്യമാനേജ്മെന്റിന്റെ ഫലമായി സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെട്ടതായി വിലയിരുത്തിയിട്ടുണ്ടോ ; | ഇല്ല. മുൻ സർക്കാരിന്റെ കാലത്തുണ്ടായ പൊതുകടത്തിന്റെ വർദ്ധനവ്, വികസന ചെലവുകളിലുണ്ടായ കുറവ്, വികസനേതര ചെലവുകളിലുണ്ടായ വർദ്ധനവ് എന്നിവ സംസ്ഥാനത്തിന്റ സാമ്പത്തിക അടിത്തറയെ ദുർബലപ്പെടുത്തുകയാണുണ്ടായത്. |
| (ബി) | ഈ സർക്കാരിന്റെ ധനകാര്യമാനേജ്മെന്റിന്റെ ഫലമായി സാമ്പത്തിക സ്ഥിതിയിലുണ്ടായ ഗുരുതരമായ തകർച്ചയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | നിലവിൽ സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയൊന്നും തന്നെ നേരിടുന്നില്ല. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിയാത്തതിനാലും കേന്ദ്ര നികുതി വരുമാനത്തിലുണ്ടായ കുറവിനാലും നേരിയ തോതിൽ സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ട്.<br><br>നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ നികുതിയിനങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പു മന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അഴിമതി, നികുതി പിരിക്കുന്നതിലുണ്ടായ വീഴ്ച, തുടങ്ങിയവ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി നാളിതുവരെയില്ലാത്ത വിധം തകർത്തുവെന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ ? | |

| | | |
|---|---|---|
| | | പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുഗമമായ പദ്ധതി നിർവ്വഹണത്തിനും 23.02.2015 ലെ സ.ഉ. (പി) നം. 48/2015/ധന പ്രകാരം നടപ്പിലാക്കിയ സമ്പ്രദായമാണ് ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിംഗ് (ELA). ഈ പരിഷ്കരണത്തിലൂടെ സർക്കാർ നൽകുന്ന ഫണ്ടുകൾ വിനിയോഗിക്കപ്പെടാതെ ദീർഘകാലം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാനും, ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും സാധിക്കും.<br><br>മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർക്ക് കുടിശ്ശിക തുക മാറി നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ബാങ്കുകൾ മുഖേന ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ആവിഷ്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം ബാങ്കുകൾ കരാറുകാരുടെ ചെക്ക് തുകയുടെ ഒരു നിശ്ചിത ശതമാനം ഡിസ്കൗണ്ട് ചെയ്തശേഷം ബാക്കി തുക കരാറുകാർക്ക് നൽകുന്നു. ഇപ്രകാരം ഡിസ്കൗണ്ടുചെയ്യുന്ന തുക നേരത്തെ ലഭിക്കുന്നതുകൊണ്ട് കരാറുകാർക്ക് മറ്റു പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ കഴിയുന്നു എന്ന നേട്ടമുണ്ട്.<br><br>ധനകാര്യമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച ഈ നടപടികൾ ഫലപ്രാപ്തിയിലെത്തുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ